LIBRARY ARCHIVES Kerala Legislative Assembly

കോവിഡ്മൂലം തൊഴിൽ മേഖലയിലെ പ്രതിസന്ധി

245(4255) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ മേഖലയെ കോവിഡ് മഹാമാരി എപ്രകാരം ബാധിച്ചു എന്ന് തൊഴിൽ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (KILE) മുഖേന തൊഴിൽ നഷ്ടം സംബന്ധിച്ച് പഠനം നടത്തിവരുന്നു.

(ബി) എങ്കിൽ കൂലിപ്പണിക്കാർ, തട്ടുകടക്കാർ, ഓട്ടോ-ടാക്സി, ലോട്ടറി മേഖലാ തൊഴിലാളികൾ ഉൾപ്പെടെ ഉപജീവനം മുട്ടിയതായി കണക്കാക്കിയവർ എത്രയെന്നും ഇവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയെന്നും ഇവരുടെ തൊഴിൽ മെച്ചപ്പെടുത്താൻ എന്തെല്ലാം തുടർ സഹായ പദ്ധതികൾക്ക് ലക്ഷ്യമിടുന്നുവെന്നും വ്യക്തമാക്കുമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ വകുപ്പിന്റെ പരിധിയിലുള്ള ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള എല്ലാ തൊഴിലാളികൾക്കും ഒന്നാംഘട്ട ധനസഹായം നൽകുന്നതിനായി സർക്കാർ 357,38,97,840 രൂപ അനുവദിച്ചു. ആയതിൽ 1849785 തൊഴിലാളികൾക്കായി 187,22,54,000 രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ടാംഘട്ട കോവിഡ് ധനസഹായ വിതരണത്തിനായി 210,32,98,000 രൂപ അനുവദിച്ചിട്ടുള്ളതും ആയതിന്റെ വിതരണം നടന്നുവരുന്നതുമാകുന്നു.

കോവിഡ് പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടം

246(4256) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ തൊഴിൽ നഷ്ടം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

കോവിഡ്-19 രണ്ടാം തരംഗംമൂലം ഉണ്ടായിട്ടുള്ള അടിയന്തര സാഹചര്യം നേരിടുന്നതിന് പൊതു/സ്വകാര്യ മേഖലയിലും നിർമ്മാണ മേഖല, തോട്ടം മേഖല എന്നിവിടങ്ങളിലെയും സ്ഥാപനങ്ങളുടെ ഉടമകൾക്കും ഫാക്ടറി ഉടമകൾക്കും നിർദ്ദേശം നൽകിയതിൻ പ്രകാരം ടി കാലയളവിൽ സ്ഥാപനങ്ങളിൽ യാതൊരു തരത്തിലുള്ള ലേ-ഓഫ്, ലോക്കൗട്ട്, റിട്രെഞ്ച്മെന്റ്, ടെർമിനേഷൻ തുടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ ഒന്നുംതന്നെ സ്വീകരിക്കാൻ പാടുള്ളതല്ല. കൂടാതെ കാഷ്വൽ, ടെമ്പററി, ബദലി, കോൺട്രാക്ട്, ടെയിനി, ദിവസ വേതനം അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരെ പിരിച്ചുവിടാനോ, അവരുടെ വേതനത്തിൽ കുറവ് വരുത്താനോ പാടുള്ളതല്ല. തർക്കമുണ്ടെങ്കിൽ ഇക്കാര്യത്തിൽ തൊഴിലുടമ, കോൺട്രാക്ടർ എന്നിവരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിന് ജില്ലാ ലേബർ ഓഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ട്.

(ബി) തൊഴിൽ നഷ്ടം സംഭവിക്കുന്നവർക്ക് പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി ജോലി നൽകാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ് സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ടവർക്ക് പുതിയ മേഖലകൾ കണ്ടെത്തി സ്വയം തൊഴിൽ ചെയ്യുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരമുള്ള സ്വയം തൊഴിൽ പദ്ധതികൾ പ്രകാരം വായ്പ/ സബ്സിഡി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടാതെ, ഇപ്രകാരം തൊഴിൽ നഷ്ടപ്പെട്ടവർക്ക് സ്വകാര്യ മേഖലയിൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും എംപ്ലോയബിലിറ്റി സെന്റർ നടത്തുന്ന ജോബ് ഫെയറുകളിൽ പങ്കെടുക്കാവുന്നതുമാണ്. എംപ്ലോയബിലിറ്റി സെന്റർ/കരിയർ ഡെവലപ്മെന്റ് സെന്റർ/മോഡൽ കരിയർ സെന്ററുകളുമായി ബന്ധപ്പെട്ടാൽ നിലവിലെ സാഹചര്യത്തിൽ പുതിയ തൊഴിൽ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് കരിയർ ഗൈഡൻസ് സേവനങ്ങളും ലഭ്യമാകുന്നതാണ്.

സങ്കൽപ് പദ്ധതി

247(4257) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കിൽസ് അക്വിസിഷൻ ആൻഡ് നോളജ് അവെയർനസ് ഫോർ ലൈവ്ലിഹുഡ് പ്രൊമോഷൻ പദ്ധതി (SANKALP) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ സവിശേഷതകളും പ്രവർത്തന രീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കാമോ?

ഉണ്ട്. ലോക ബാങ്കിന്റെ സഹായത്തോടുകൂടി കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സങ്കൽപ് (SANKALP-Skill Acquisition and Knowledge Awareness for Livelihood Promotion). നൈപുണ്യ വികസന മിഷൻ എന്ന നിലയിൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ആണ് ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത്. നൈപുണ്യ വികസനത്തിനുള്ള സംവിധാ